## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2192-18/06/2013 -ലെ മറുപടിക്ക്
## <u>സ്വയം സംരംഭക മിഷൻ പ്രകാരം വായ്പ</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ .ബി. സത്യൻ | | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | സ്വയം സംരംഭക മിഷൻ പ്രകാരം വായ്പ ലഭിക്കാൻ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ ; | 18 നും 40 നും ഇടയ്ക്ക് പ്രായമുള്ള തൊഴിൽ രഹിതരായ യുവതീയുവാക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വിധവകൾക്ക് 45 വയസ്സു വരെ അപേക്ഷിക്കാം. +2,വൊക്കേഷണൽ കോഴ്സുകളാണ് യോഗ്യത. 2 മുതൽ 5വരെ പേർ അടങ്ങിയ ഗ്രൂപ്പുകളായിട്ടാണ് അപേക്ഷിക്കേണ്ടത്. സാങ്കേതിക വിദഗ്ദ്ധർക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം. ഓൺലൈനായി ആണ് അപേക്ഷകൾ സമർപ്പിയ്ക്കേണ്ടത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 13 ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം നൽകുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കായിരിക്കും വായ്പയ്ക്ക് അർഹത. |
| (ബി) | പരമാവധി എത്ര തുക വരെ വായ്പ ലഭ്യമാക്കും ; തിരിച്ചടവ് കാലാവധി എത്ര വർഷമാണ്; വ്യക്തമാക്കുമോ ; | പദ്ധതി തുകയുടെ 90% വരെയാണ് വായ്പ ലഭ്യമാക്കുന്നത് . ഒരു സംരംഭകന് 4 ലക്ഷം രൂപ എന്ന കണക്കിൽ, ഒരു ഗ്രൂപ്പിന് പരമാവധി 20 ലക്ഷം രൂപയാണ് വായ്പ അനുവദിയ്ക്കുന്നത്. സാങ്കേതിക വിദഗ്ദ്ധർക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം. അവർക്ക് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ നൽകും. ടി വായ്പയുടെ തിരിച്ചടവ് കാലാവധി ഒരു വർഷത്തെ മോറട്ടോറിയം ഉൾപ്പെടെ 5 വർഷമായിരിക്കും പലിശ രഹിത വായ്പയാണ് അനുവദിക്കുന്നത്. പലിശ സർക്കാർ വഹിക്കുന്നതാണ്. |
| (സി) | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പരിഗണനയുണ്ടോ ? | തെരഞ്ഞെടുപ്പിനു വേണ്ടിയുള്ള അഭിമുഖത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾക്ക് വിശേഷ പരിഗണന കൊടുക്കും. |

അക്കൗണ്ട്സ് ഓഫീസർ